ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇപ്പോഴും ഈ ജോലി തൊഴിലാളികളെക്കൊണ്ടുതന്നെ ചെയ്യിക്കാൻ ആലോചിക്കാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എന്നാണ് ഈ ജോലി തുടങ്ങിയതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ ഒരു വിവരവും ഇല്ല.

ശ്രീ. ആർ. ശങ്കർ: ഈ തോട് കടന്നുപോകുന്ന ഭാഗങ്ങളിൽ പാലങ്ങൾ കെട്ടുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനു് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ തോട് ഫൻ ഒ ഠ–ൽ പൂർത്തിയാക്കാമെന്നു് ഗവർമ്മെണ്ടു് ഉറപ്പു നൽകിയിരുന്നതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ജോലി തുടങ്ങിയതിനുശേഷം എത്രകാലത്തേക്കു് ജോലി നിറുത്തിവച്ചിട്ടുണ്ടായിരുന്നു?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അധികം നാൾ നിറുത്തിവക്കാൻ ഇടയായിട്ടില്ല.

ബസ്സു് സർവ്വീസു്

*൪൭. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈക്കത്തുനിന്നും എതെല്ലാം സ്ഥലങ്ങളിലേക്കു ബസ്സു് സർവ്വീസുണ്ടു്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്): വൈക്കത്തുനിന്നും താഴെ പറയുന്ന സ്ഥലങ്ങളിലേക്കു് ബസ്സു് സർവ്വീസുകളുണ്ടു്.

ആലുവാ, എറണാകുളം, കോട്ടയം, ഈരാറ്റുപേട്ട, തൊടുപുഴ, വാഗമൺ വെട്ടിക്കാട്ടുമുക്കു്, പാല മുതലായ സ്ഥലങ്ങളിലേക്കു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഈ ബസ് സർവ്വീസുകൾ ഉള്ള റോഡുകൾ മെറ്റൽ ചെയ്യാത്തതുകൊണ്ടു് വളരെ വൈഷമ്യം ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ വിഷമം പല സ്ഥലങ്ങളിലും ഉണ്ടു്.

Sri. K. R. Elankath: Sir, I may be allowed to put question No. 19?

Mr. Speaker: Yes.

G. M. F. SCHEME

***47.** [19] **Sri. R. Chellaswami Nadar:** Will the Honble Minister for Works be pleased to state —

(*a*) the number of acres converted for irrigation in 1124, 1125 and 1950;

(*b*) the amount of yield from that conversions; and

(*c*) the amount received from India Government as grant under the G. M F. Scheme?

[Question No. (18) was not put, being the same as question No. (13) answered previously.]

LIBRARY ARCHIVES Kerala Legislative Assembly